"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - കേരള ബിൽഡിംഗ്സ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് - തെറ്റായി RIAB സെക്രട്ടറിയുടെ പലിശ രഹിത എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടതും സർക്കാർ റസ്യൂം ചെയ്തതുമായ ബോർഡിന്റെ സെസ്സ് ഇനത്തിലുള്ള തുക തിരികെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ ( സ്ട്രീംലൈനിംഗ് ) വകുപ്പ്

സ. ഉ.(സാധാ) നം. 5714/2022/ധന | തീയതി, തിരുവനന്തപുരം, 11.08.2022

---

പരാമർശം :- 1. 28.03.2018 ലെ സ.ഉ (പി) നം. 51/2018/ധന ഉത്തരവ്.
2. ട്രഷറി അംഗീകരിച്ച അനുരഞ്ജന സാക്ഷ്യപത്രം.
3. 18.05.2022, 07.01.2019 തീയതികളിലെ കേരള ബിൽഡിംഗ്സ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് സെക്രട്ടറിയുടെ എ 1-6066/21-22 നമ്പർ കത്ത്.
4. 17.04.2019 ലെ ധനകാര്യ (തൊഴിൽ) വകുപ്പിന്റെ 448533/എൽ.ബി.ആർ 2/2017-ധന നമ്പർ കത്ത്.
5. 22.07.2022 ലെ സ.ഉ (സാധാ) നം. 5280/2022/ധന ഉത്തരവ്.

## ഉത്തരവ്

കേരള ബിൽഡിംഗ്സ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ സെസ്സ് ഇനത്തിലുള്ള തുക ബോർഡിന്റെ പലിശ സഹിത എസ്.റ്റി.എസ്.ബി അക്കൗണ്ടിന് (799011400000072) പകരം തെറ്റായി RIAB സെക്രട്ടറിയുടെ പലിശ രഹിത എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ (701011400000072) വരവ് വെച്ചത് തിരികെ അനുവദിക്കുന്നത് സംബന്ധിച്ച ബോർഡ് സെക്രട്ടറിയുടെ 07.01.2019 ലെ അപേക്ഷ ധനകാര്യ വകുപ്പ് പരിശോധിക്കുകയും ഈ വിഷയം പരിശോധിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങൾ ട്രഷറിയുമായി ചേർന്ന് അക്കൗണ്ടുകൾ അനുരഞ്ജനം നടത്തി തുടർ നടപടി കൈക്കൊണ്ടതിനു ശേഷം ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി അവശേഷിക്കുന്നെങ്കിൽ മാത്രം സർക്കാരിനെ സമീപിക്കാൻ പരാമർശം 4 പ്രകാരം ബോർഡ് സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

2. അപ്രകാരം ബോർഡും RIAB ഉം സംയുക്തമായി തയ്യാറാക്കിയതും ട്രഷറി അംഗീകരിച്ചതുമായ പരാമർശം 2 ലെ അനുരഞ്ജന സാക്ഷ്യപത്രത്തിൽ 01.04.2016 മുതൽ 30.09.2019 വരെ സെസ്സ് ഇനത്തിൽ ബോർഡിന്റെ അക്കൗണ്ടിൽ വരവ് വരേണ്ട ആകെ 1,55,12,856/- രൂപ തെറ്റായി RIAB അക്കൗണ്ടിൽ വരവ് വെച്ചിട്ടുള്ളതും, RIAB ന്റെ അക്കൗണ്ടിൽ നിന്നും പരാമർശം 1 പ്രകാരം 31.03.2018 ൽ 1,01,57,147/- രൂപ സർക്കാർ പിൻവലിച്ചിട്ടുള്ളതും ടി തുകയിൽ 71,18,329/- രൂപ കേരള കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡിന്റെ സെസ്സ് ഇനത്തിലുള്ള തുക ബോർഡിന്റെ പലിശ സഹിത എസ് ടി എസ് ബി അക്കൗണ്ടിന് പകരം തെറ്റായി RIAB സെക്രട്ടറിയുടെ പലിശ രഹിത എസ് ടി എസ് ബി അക്കൗണ്ടിൽ (701011400000072) വരവ് വച്ച തുകയാണ് എന്നും തിരുവനന്തപുരം ജില്ലാ

ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തുകയുണ്ടായി. ബോർഡിന് അർഹതപ്പെട്ട തുക തിരികെ ക്രെഡിറ്റ് ചെയ്യുന്നതിനുളള നടപടികൾ സ്വീകരിക്കണമെന്ന് 18.05.2022 ലെ കത്ത് മുഖേന ബോർഡ് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

3. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. RIAB സെക്രട്ടറിയുടെ പേരിലുള്ള പലിശ രഹിത എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ ( 70101140000072) തെറ്റായി നിക്ഷേപിക്കപ്പെട്ടതും പരാമർശം 1 പ്രകാരം ടി അക്കൗണ്ടിൽ നിന്നും സർക്കാർ റസ്യൂം ചെയ്ത തുകയിൽ ഉൾപ്പെട്ടിരുന്നതുമായ കേരള ബിൽഡിംഗ്സ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ സെസ്സ് ഇനത്തിലുള്ള 71,18,329/- [എഴുപത്തൊന്ന് ലക്ഷത്തി പതിനെണ്ണായിരത്തി മുന്നൂറ്റി ഇരുപത്തൊൻപത് രൂപ] '2075-00-800-72-02 പ്ലാൻ' ശീർഷകത്തിൽ നിന്നും ബോർഡിന്റെ പലിശ സഹിത എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് (799011400000072) തിരികെ അനുവദിച്ച് ഉത്തരവാകുന്നു. ഇതിനായി മേൽ ശീർഷകത്തിൽ പരാമർശം 5 പ്രകാരം അധിക ധനാനുമതിയായി തുക വകയിരുത്തിയിട്ടുണ്ട്.

4. '2075-00-800-72-02 പ്ലാൻ' ശീർഷകത്തിൽ നിന്നും 71,18,329/- രൂപ [എഴുപത്തൊന്ന് ലക്ഷത്തി പതിനെണ്ണായിരത്തി മുന്നൂറ്റി ഇരുപത്തൊൻപത് രൂപ] കേരള ബിൽഡിംഗ്സ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ പലിശ സഹിത എസ്.റ്റി.എസ്.ബി (799011400000072) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനു ധനകാര്യ (അക്കൗണ്ട്സ്) വിഭാഗം അണ്ടർ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ .ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4. സെക്രട്ടറി, കേരള ബിൽഡിംഗ്സ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്, നിർമ്മാൺ ഭവൻ, മേട്ടുക്കട, തൈക്കാട് പി.ഒ, തിരുവനന്തപുരം.
5. ധനകാര്യ (അക്കൗണ്ട്സ്-എ) വകുപ്പ്
6. നോഡൽ ഓഫീസർ, www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ( ഇ 448533)

ഉത്തരവിൻ പ്രകാരം

Meji.G

സെക്ഷൻ ഓഫീസർ